## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1408 15-06-2012 - ലെ മറുപടിയ്ക്ക്

## പച്ചക്കറി വില നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) അനിയന്ത്രിതമായി പച്ചക്കറി വില ഉയരുന്നതുമൂലം ജനങ്ങൾ ബുദ്ധിമുട്ട് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ പച്ചക്കറി ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുമ്പോൾ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവർ വിപണിയിൽ ഇടപെട്ട് കുറഞ്ഞ വിലക്ക് പച്ചക്കറി വിൽപന നടത്തുന്നു.<br>പച്ചക്കറി വില നിയന്ത്രണത്തിനായി ഹോർട്ടികോർപ്പ് മുഖേന 98 പച്ചക്കറി സ്റ്റാളുകൾ നേരിട്ടും സപ്ലൈകോയുമായി സഹകരിച്ച് 41 സ്റ്റാളുകളും വി.എഫ്.പി.സി.കെ മുഖേന 27 സ്റ്റാളുകളും, സപ്ലൈകോ മുഖേന 26 സ്റ്റാളുകളും ഉൾപ്പെടെ ആകെ 192 സ്റ്റാളുകളിലൂടെ കമ്പോള വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ വിൽപന നടത്തി വരുന്നു. |
| (സി) അനിയന്ത്രിതമായി പച്ചക്കറി വില ഉയരാനുണ്ടായപ്രധാന കാരണങ്ങൾ എന്തെല്ലാമാണ്? | (സി) ജലദൗർലഭ്യം കാരണം അന്യ സംസ്ഥാനങ്ങളിൽ കൃഷി ആരംഭിക്കുവാൻ വൈകിയതാണ് ഇതിനുള്ള പ്രധാന കാരണം. |

സെക്ഷൻ ഓഫീസർ